**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2678** **04-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വിശദമാക്കുമോ? | (എ) | ഈ സർക്കാരിന്റെ കാലത്ത് സഹകരണ സർവ്വീസ് പരീക്ഷ ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1.**ഒറ്റതവണ രജിസ്ട്രേഷൻ**<br><br>സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി മാതൃകയിൽ ഒറ്റതവണ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചു. നാളിതുവരെയായി 78,800 ഉദ്യോഗാർത്ഥികൾ Candidate profile വഴി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്.<br><br>**2. ഒഴിവുകൾ ഓൺലൈൻ റിപ്പോർട്ടിംഗ്**<br><br>സഹകരണ സംഘങ്ങളുടെ ഒഴിവുകൾ ഓൺലൈൻ വഴി റിപ്പോർട്ട് ചെയ്യുന്നതിന് സംവിധാനം ഒരുക്കി.<br><br>**3. അപേക്ഷകൾ ഓൺലൈൻ മുഖേന മാത്രം**<br><br>സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ ചരിത്രത്തിൽ ആദ്യമായി അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കാൻ തുടക്കമിട്ടു. ഡേറ്റാ എൻട്രി ഓപ്പറേറ്റർ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, സിസ്റ്റം സൂപ്പർവൈസർ എന്നീ തസ്തികകളിലേയ്ക്ക് അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിച്ചു വരുന്നു. ആയതിന്റെ സൂക്ഷ്മ പരിശോധന ടി സംവിധാനം ഉപയോഗിച്ച് നടത്തുകയുണ്ടായി. യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ നിന്നു തന്നെ പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുവാനും സൗകര്യമൊരുക്കി.<br><br>**4. ഓൺലൈൻ പരീക്ഷ** |

| | | | |
|---|---|---|---|
| | | | സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ജനറൽ മാനേജർ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേക്ക് ഓൺലൈൻ പരീക്ഷകളും നടത്തി വരുന്നു.<br><br>5. **പരീക്ഷാ നടപടിക്രമങ്ങൾ കൂടുതൽ സുതാര്യവും വേഗത്തിലുമാക്കി**<br><br>പരീക്ഷകളുടെ മൂല്യനിർണ്ണയം ഓൺലൈൻ സംവിധാനം വഴി നടത്തിവരുന്നു. ഓൺലൈൻ പരീക്ഷ കഴിഞ്ഞ ഉദ്യോഗാർത്ഥികൾക്ക് അവരുടെ മാർക്കിനെ കുറിച്ച് സംശയമുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് അവരുടെ profile ൽ തന്നെ response sheet ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു. ഇപ്രകാരം പരീക്ഷാ നടത്തിപ്പിന് ഓൺലൈൻ സമ്പ്രദായം പ്രയോജനപ്പെടുത്തിയതിലൂടെ വളരെ വേഗത്തിൽ പരീക്ഷ പ്രക്രീയ പൂർത്തിയാക്കി നിയമന നടപടികൾ ത്വരിതപ്പെടുത്തുവാനും സുതാര്യമാക്കാനും സാധിച്ചു.<br><br>**6. ഇൻഡക്ഷൻ ട്രയിനിംങ്**<br><br>സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് നടത്തുന്ന പരീക്ഷകളിലൂടെ വിവിധ സഹകരണ സംഘങ്ങളിൽ പുതുതായി നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് ജോലി പരിചയം ഇല്ലാത്തതിനാൽ സംഘങ്ങൾക്ക് ഭരണപരമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി പരീക്ഷാ ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഈ വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവർ സർവ്വീസിൽ പ്രവേശിക്കുന്ന അവസരത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഉത്ഭവം, പരിണാമം, വളർച്ച എന്നിവ സംബന്ധിച്ചും സഹകരണ നിയമം, സഹകരണ മേഖലയുടെ പ്രസക്തി എന്നീ വിഷയങ്ങളെയും ഉൾപ്പെടുത്തി ഒരു പ്രാഥമിക പരിശീലനം/ഇൻഡക്ഷൻ ട്രയിനിംങ് പരീക്ഷാ ബോർഡ് നടത്തിവരുന്നു.<br><br>റാങ്ക് ലിസ്റ്റിൽപ്പെട്ട 347 ഉദ്യോഗാർത്ഥികൾക്ക് ഇപ്രകാരം പരിശീലനം ലഭ്യമാക്കി. പരിശീലനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് സർട്ടിഫിക്കറ്റും നിയമന ശുപാർശയും നൽകി വരുന്നതിലൂടെ സഹകരണ സംഘങ്ങളിൽ പുതുതായി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ കാര്യക്ഷമത ഉറപ്പാക്കുവാൻ കഴിയുന്നു. അതിലൂടെ സംഘങ്ങളുടെ പ്രവർത്തനം പൊതുവിൽ മെച്ചപ്പെടുത്തുന്നതിന് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ